കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പി.എം.ജി.എസ്.വൈ. – 2008-09 ഫേസ് VII – ഇരിക്കൂർ ബ്ലോക്ക് – പാക്കേജ് നം. കെ.ആർ. 04-36, കെ.ആർ.04-37 – കരാറുകാരനായ ശ്രീ.ഒ.വി.ശ്രീധരന് കരാർ തുക അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം. 2695/13/തസ്വഭവ തിരുവനന്തപുരം, തീയതി, 04.11.2013

---

പരാമർശം:- 1. ശ്രീ.ഒ.വി.ശ്രീധരൻ 11.10.2012 ൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ.
2. ഗ്രാമവികസന കമ്മീഷണറുടെ 14.08.2012 ലെ ഇ.എൻ.ജി.ജി.262/09/ കെ.എസ്.ആർ.ആർ.ഡി.എ. നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിൽ ഇരിക്കൂർ ബ്ലോക്കിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കെ.ആർ. 04-36, കെ.ആർ.04-37 പാക്കേജുകളിലായി 6 റോഡ് പ്രവൃത്തികൾ 09.03.2009 ൽ എഗ്രിമെന്റ് വച്ച് ശ്രീ.ഒ.വി.ശ്രീധരൻ എന്ന കോൺട്രാക്ടർക്ക് കരാർ നൽകുകയുണ്ടായി. പി.എം.ജി.എസ്.വൈ. പ്രകാരം കരാർ ഉറപ്പിച്ച മേൽ പ്രവൃത്തികൾക്ക് 5,12,43,060/- രൂപയാണ് കേന്ദ്രസർക്കാർ അനുവദിച്ചിരുന്നത്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചപ്പോൾ എസ്റ്റിമേറ്റ് തുക അധികരിച്ചുവെന്നും ആയതിനാൽ അധികരിച്ച തുക അനുവദിച്ചു നൽകണമെന്നും പരാമർശം(1) പ്രകാരം കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. അധികരിച്ച തുകയായ 2,66,63,106/- രൂപ (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി അറുപത്തി മൂന്നായിരത്തി ഒരുനൂറ്റി ആറ് രൂപ) കരാറുകാരന് അനുവദിച്ചു നൽകണമെന്ന് പരാമർശം(2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.. കരാറുകാരനായ ശ്രീ.ഒ.വി..ശ്രീധരൻ ആകെ നാല് പാക്കേജുകളിലായി 8 റോഡു പ്രവൃത്തികളുടെ നിർമ്മാണമാണ് ഏറ്റെടുത്തിരുന്നത്. അതിൽ രണ്ടു റോഡുകളുടെ പണി പൂർത്തീകരിച്ചത് കരാർ തുകയെക്കാൾ കുറഞ്ഞ ചെലവിലാണ്. എന്നാൽ മേൽപ്പറഞ്ഞ 6 റോഡു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് അധികരിച്ചത് റോഡിന് പാർശ്വഭിത്തി കെട്ടി ബലപ്പെടുത്തേണ്ട ആവശ്യം വന്നതിനാലും റോഡുകൾ കടന്നു പോകുന്നത് മലഞ്ചെരുവിലൂടെയായതിനാൽ ഇത് അനിവാര്യമായതിനാലുമാണെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റ് ഉണ്ടാക്കുന്ന സമയത്തുണ്ടായിരുന്ന അലൈൻമെന്റ് റോഡ് പ്രവൃത്തി

നടന്ന സ്ഥലത്തിന്റെ ഘടന, സ്ഥലം സൗജന്യമായി നൽകിയവരുടെ നിർബന്ധം എന്നിവ കാരണം ചെറിയമാറ്റങ്ങൾ വരുത്തേണ്ടിവന്നതിനാലും അപ്രകാരം സംരക്ഷണഭിത്തി കെട്ടേണ്ടത് അനിവാര്യമായതുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ തുക അധികരിക്കാൻ കാരണമായതെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും പി.എം.ജി.എസ്.വൈ. 2008-09 (ഫേസ് VII) ഇരിക്കൂർ ബ്ലോക്കിലെ പാക്കേജ് നം. കെ.ആർ. 04-36, കെ.ആർ.04-37 എന്നീ പ്രവൃത്തികൾക്ക് അധികരിച്ച തുകയായ 2,66,63,106/- രൂപ (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി അറുപത്തി മൂന്നായിരത്തി ഒരുനൂറ്റി ആറ് രൂപ മാത്രം) കരാറുകാരനായ ശ്രീ.ഒ.വി.ശ്രീധരന് അനുവദിച്ച് ഉത്തരവാകുന്നു.

3. ഈ തുക നടപ്പുസാമ്പത്തികവർഷത്തെ '4515-00-800-98' പി.എം.ജി.എസ്.വൈ. യുടെ സംസ്ഥാന സഹായം (P) എന്ന ശീർഷകത്തിൽ നിന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനിത ദാമോദരൻ,

ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മെമ്പർ സെക്രട്ടറി, കെ.എസ്.ആർ.ആർ.ഡി.എ.
3. ശ്രീ.ഒ.വി.ശ്രീധരൻ, കോൺട്രാക്ടർ, ഉഷശ്രീ, തൃച്ചംബരം, തളിപ്പറമ്പ-670141.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (ഫ.നം.94409/ഡെ.വ.2/12/ധന. പ്രകാരം)
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ